# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1184   02.03.2017 ൽ മറുപടിക്ക്**

**കുണ്ടന്നൂരിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) എറണാകുളത്തെ കുണ്ടന്നൂരിൽ ദേശീയപാതയിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിലേക്കായി ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | എ) | എറണാകുളം വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലെ മേൽപ്പാലങ്ങൾ ദേശീയപാതയിൽ വരുന്നതു കൊണ്ട് എൻ.എച്ച്.എ.ഐ തന്നെ അവ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) നാഷണൽ ഹൈവേ അതോറിറ്റി മുഖേന കുണ്ടന്നൂർ ഫ്ലൈഓവർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>സി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം അറിയിക്കുമോ? | ബി) & സി) | 20/10/2016 ലെ സർക്കാർ കത്ത് നമ്പർ 788/സി3/16/പി.ഡബ്ല്യു.ഡി. പ്രകാരം എൻ.എച്ച്.എ.ഐ തന്നെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 25/11/2016ലെ ദേശീയപാത അതോറിറ്റിയുടെ കത്ത് നമ്പർ എൻ.എച്ച്/47/2016/91522 മറുപടി പ്രകാരം ഫ്ളൈഓവറുകൾ കേരള സർക്കാർ ചിലവിൽ നിർമ്മിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. വീണ്ടും കേരള സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് അയച്ച കത്തിലൂടെ കുണ്ടന്നൂർ, വൈറ്റില ഫ്ളൈഓവർ കൂടാതെ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ബൈപ്പാസിന്റെ നവീകരണ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർകത്തുകൾ മുഖേനയും നേരിട്ടും കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെട്ട് |

വരുന്നു. എന്നാൽ നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. എൻ എച്ച് എ ഐ അവ നിർമ്മിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ അവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

2017 ഫെബ്രുവരി 23ന ബഹു.ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ രണ്ട് മേൽപ്പാലങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017- 18 ലെ ബജറ്റ് നിർദ്ദേശത്തിൽ ഉൾപ്പെടുത്താൻ മരാമത്ത് വകുപ്പ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കാൻ തന്നെയാണ് തീരുമാനം. അടങ്കൽ തുക 213 കോടി രൂപ.

സെക്ഷൻ ഓഫീസർ